**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2841** **03-08-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ താലൂക്കിൽ പുതിയ വനിത സർക്കാർ പോളിടെക്നിക് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ സർക്കാർ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; സഹകരണ മേഖലയിൽ പ്രസ്തുത കോളേജുകൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കൂടുതൽ സർക്കാർ പോളിടെക്നിക്ക് കോളേജുകൾ മുക്കം , ഹരിപ്പാട് , നടുവിൽ , വിളപ്പിൽശാല , കുറ്റിപ്പുറം , പിണറായി എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ സർക്കാർ മേഖലയിലും സഹകരണ മേഖലയിലും പുതിയ പോളിടെക്നിക്ക് കോളേജുകൾ /കോഴ്സുകൾ ആരംഭിക്കാവുന്നതാണെന്നാണ് സർക്കാർ നിലപാട് CAPE (Co-operative Academy of Professional Education) ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ 6 പുതിയ ഡിപ്ലോമ കോഴ്സുകളും IHRD (Institute of Human Resource Development ) ന് കീഴിൽ 6 ഡിപ്ലോമ കോഴ്സുകളും ആരംഭിക്കുന്നതിന് സ്റ്റേറ്റ് ബോർഡ് അനുവാദം (AICTE അംഗീകാരത്തിന് വിധേയമായി ) നല്കിയിട്ടുണ്ട്. |
| (ബി) | നിലവിലുള്ള പോളിടെക്നിക് കോളേജുകളുടെ എണ്ണവും വിശദവിവരങ്ങളും ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | നിലവിലുള്ള പോളിടെക്നിക് കോളേജുകളുടെ എണ്ണവും വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (സി) | വനിതകൾക്കായി സംസ്ഥാനത്ത് എത്ര പോളിടെക്നിക് കോളേജുകളാണ് പ്രവർത്തിക്കുന്നതെന്നും അവ ഏതൊക്കെ ജില്ലകളിലാണെന്നും വിശദമാക്കാമോ; | (സി) | സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് , കൈമനം, തിരുവനന്തപുരം , സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് ,കായംകുളം ആലപ്പുഴ, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് ,കളമശ്ശേരി , എറണാകുളം, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് ,നെടുപുഴ, തൃശ്ശൂർ, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് ,കോട്ടക്കൽ, മലപ്പുറം, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് ,കോഴിക്കോട്, റസിഡൻഷ്യൽ വനിതാ പോളിടെക്നിക്ക് കോളേജ് പയ്യന്നൂർ,കണ്ണൂർ എന്നിവയാണ് വനിതകൾക്കായി സംസ്ഥാനത്ത് നിലവിലുള്ള പോളിടെകിനിക്ക് കോളേജുകൾ. |
| | | | |

| | | | |
|---|---|---|---|
| (ഡി) | മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ നിലവിൽ പോളിടെക്നിക് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടോ; സൗജന്യമായി സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും നൽകിയാൽ പ്രസ്തുത മണ്ഡലത്തിൽ പുതിയ സർക്കാർ വനിത പോളിടെക്നിക് കോളേജ് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിൽ പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നത് ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല. |
| (ഇ) | നിലമ്പൂർ മണ്ഡലത്തിൽ പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സാധ്യതാപഠനം നടത്തുന്നതിനും വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് സർക്കാർ നിർദ്ദേശം നൽകുമോ; ഇതിനായി നടപടി സ്വീകരിക്കുമോ? | (ഇ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിൽ പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നത് ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ